KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg തിയ്യതി : 05.01.2022

**സർക്കുലർ നമ്പർ 02 /2022 (BD)**

വിഷയം : ചിട്ടി ബിസിനസ്സ് സംബന്ധിച്ച്.

** ** **

എല്ലാവർക്കും ഹൃദയംഗമമായ പുതുവത്സരാശംസകൾ.

ഈ പുതുവർഷപ്പുലരി സന്തോഷത്തിന്റേതായ ഒരു സന്ദേശം നൽകിക്കൊണ്ടാണ് കൺതുറക്കുന്നത്. നമ്മുടെ ഈ സാമ്പത്തികവർഷത്തിലെ ചിട്ടി ബിസിനസ്സ് 500 കോടി രൂപ എന്ന നാഴികക്കല്ല് പിന്നിട്ടിരിക്കുകയാണ്. എല്ലാ പ്രതികൂല സാഹചര്യങ്ങളേയും മറികടന്ന് ഇത്തരമൊരു നേട്ടം കൈവരിക്കാൻ കഴിഞ്ഞത് നമ്മുടെ ശാഖകളിലെ ജീവനക്കാരുടെ ലക്ഷ്യബോധത്തോടെയുള്ള പ്രയത്നം കൊണ്ടാണ്. ശാഖാമാനേജർമാരുടെ നേതൃത്വത്തിനും ജീവനക്കാരുടെ സംഘബോധത്തിനും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. ബജറ്റ് ലക്ഷ്യത്തിനപ്പുറം ബിസിനസ്സ് സമാഹരിക്കാൻ ഈ കൂട്ടായ്മ മുന്നേറട്ടെ.

നമ്മുടെ ബിസിനസ്സ് സ്രോതസ്സായ ശാഖകൾക്ക് അപ്പഴപ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി, അവരുടെ പ്രവർത്തനത്തെ ഏകോപിപ്പിച്ച മേഖലാമേധാവികൾക്കും അവരുടെ ടീമിനും അഭിനന്ദനങ്ങൾ. മേഖലാ തലത്തിലെ ബിസിനസ്സ് റിപ്പോർട്ടിന്റെ പകർപ്പ് അറിവിലേയ്ക്കായി ഇതോടൊപ്പം വെക്കുന്നു. സാമ്പത്തികവർഷം അവസാനിക്കാൻ ഒരു പാദം ബാക്കി കിടക്കേ, അന്തിമഫലപ്പട്ടികയിൽ ഒന്നാംസ്ഥാനത്തെത്താൻ ഓരോ മേഖലയും മത്സരിച്ചുമുന്നേറുന്ന സ്ഥിതിവിശേഷം ഉണ്ടാകട്ടെ എന്നാശംസിക്കുന്നു.

ബിസിനസ്സിൽ ഈ ശുഭഫലം ഉണ്ടാക്കാനായി കെ.എസ്.എഫ്.ഇ യോട് ചേർന്ന് നിന്നു പ്രവർത്തിച്ച ഏജന്റുമാർക്കും അഭിനന്ദനങ്ങൾ നേരുന്നു.

നേരത്തേ ചൂണ്ടിക്കാട്ടിയ പോലെ സാമ്പത്തികവർഷം അവസാനിക്കാൻ ഇനിയും 3 മാസം ബാക്കിയുണ്ട്. പിറകിൽ നിൽക്കുന്ന ശാഖകൾക്ക് വീഴ്ചകൾ പരിഹരിച്ച് മുന്നോട്ട് വരാനും മുന്നിൽ നിൽക്കുന്ന ശാഖകൾക്ക് ബജറ്റ് ലക്ഷ്യത്തിനപ്പുറം മുന്നോട്ട് കുതിക്കാനുമുള്ള സമയം ആണിത്. അതോടൊപ്പം സ്വർണ്ണപ്പണയവായ്പയിലും മറ്റു വായ്പാ പദ്ധതികളിലും ലക്ഷ്യം കൈവരിക്കുക എന്നതും പ്രധാനമാണ്. ഓരോ ദിവസവും അർത്ഥപൂർണ്ണമായ പ്രവർത്തനപദ്ധതി ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടുപോയി ഒരിക്കൽകൂടി കെ.എസ്.എഫ്.ഇ യെ പ്രവർത്തനമികവിന്റെ നെറുകയിൽ എത്തിക്കാൻ കൂട്ടായി പരിശ്രമിക്കാം. അതായിരിക്കട്ടെ നമ്മുടെ പുതുവർഷതീരുമാനം .

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

**To:എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ